# പള്ളികഥകൾ

## മിനികഥകൾ ഏഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഇപ്രാവശ്യം ജോസഫ് അച്ചൻ പറയുന്നതിന് ആവേശം കൂടുതലായിരുന്നു. ഒരു പക്ഷേ മുൻ പറഞ്ഞതിന്റെ തുടർച്ചയായതുകൊണ്ടായിരിക്കാം. അതു മുഴുവനും പെട്ടന്ന് പറഞ്ഞു തീർന്നെങ്കിൽ മാത്രമേ അച്ചന്റെ ആവേശത്തിന് ശമനം വരികയുള്ളുവെന്ന് തോന്നി; ക്ഷമയോടെു കൂടെ മുഴുവനും കേട്ടുകൊണ്ടിരുന്നു.

### കുറുപ്പും പറ്റിച്ചു

കുറുപ്പ് പറ്റിച്ചതാണോ അതല്ല പറ്റിപോയതാണോയെന്ന് തീർച്ചയല്ല. സംഗതി എന്തായാലും സംഭവിച്ചു പോയി എന്നതാണ് വാസ്തവം.

''മേലാൽ നിങ്ങളുടെ ഇങ്ങനത്ത വല്ല്യ ആൾക്കാരുടെ അടുക്കൽ എന്നെ കൊണ്ടു പോയേക്കരുത്. നല്ലോരു ഭക്ഷണമല്ലേ മുടക്കിയത്''

അവർ ഭക്ഷണം കഴിഞ്ഞേ അവർ താമസിച്ചിരുന്ന വീട്ടിലെ ആൾക്കാരും ഭക്ഷണം കഴിക്ക പതിവുണ്ടായിരുന്നുള്ളു. ഇവർ ചെല്ലാൻ താമസിക്കുന്നതു കാരണം അവരും ഭക്ഷണം കഴിക്കാതെ കാത്തിരിക്കുകയായിരുന്നു. ഇത്രയും വൈകി അവർ ചെന്നപ്പോഴും ആ വീട്ടിലുണ്ടായിരുന്നവരാരും ഭക്ഷണം ഒന്നും കഴിക്കാതെ കാത്തിരിക്കുകയായിരുന്നു. അവർ ഭക്ഷണം കഴിഞ്ഞു എന്നു കേട്ടപ്പോൾ വീട്ടിലുണ്ടായിരുന്നവക്ക് സങ്കടവും ദേഷ്യവും എല്ലാം വന്നെങ്കിലും അതൊന്നും പുറത്തുകാണിക്കാതെക്ഷമയോടെഇരുന്നു. തന്മൂലം മേലാൽ ഇതുപോലെ എവിടെ നിന്നെങ്കിലും ഭക്ഷണം കഴിക്കേണ്ടി വന്നാൽ അന്നേരം തന്നെ അക്കാര്യം വിളിച്ചു പറയാമെന്ന് കരാറുമായി.

ബാവാ പറഞ്ഞതുപോലെ വീണ്ടും അമേരിക്കയിൽ എത്തി. പലപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും ഫോൺ ചെയ്തതിന്റെ ഫലമായി അദ്ദേഹം അവരുടെ വീട്ടിലും ചെന്നു. കൂടെ കൊണ്ടുപോയവർ കുറുപ്പിനേയും കുടുംബത്തേയും പറ്റി അവക്കറിയാവുന്ന കാര്യങ്ങൾഎല്ലാം വിസ്തരിച്ചു പറഞ്ഞു.

''ഇവിടെയുള്ള പണക്കാരിൽ വെച്ചേറ്റവും വലിയ പണക്കാരൻ മാത്രമല്ല അമേരിക്കയിലുള്ള മലയാളികളുടെ കൂട്ടത്തിൽ വെച്ചേറ്റവും വലിയ പണക്കാരിൽ ഒരാളാണ് കുറുപ്പ്. എന്നാലും ഇപ്പോഴും പിശക്കത്തരത്തിന് യാതൊരു കുറവും വരുത്തിയിട്ടില്ല. അതുപോലെ പൊങ്ങച്ചവും വളരെ കൂടുതലാണ്. ഇവിടെയുള്ള മലയാളികളാരും അവരുടെ ഈ വലിയ ബഗ്ലാവിനകം കണ്ടിട്ടില്ല. ഇത്രയും വലിയ കോടീശ്വരനാണെങ്കിലും പെണ്ണുംപിള്ള ഇപ്പോഴും നേഴ്സായി ജോലി ചെയ്യുന്നുണ്ട്. അവർ ബി. എസ്സ്സി നേഴ്സാണെന്നാണ് എല്ലാവരോടും പറഞ്ഞോണ്ടു നടക്കുന്നത്.'' കൂടെ കൊണ്ടു പോയവർ പറയുന്നതെല്ലാം കേട്ട് അദ്ദേഹം ഒന്നും മറുപടി പറയാതെ ചിരിച്ചുകൊണ്ടിരുന്നു.

ഒരു പക്ഷേ അദ്ദേഹത്തിന്റെ മനസ്സിൽ മറ്റു പല ചിന്തകളുമായിരിക്കാം കടന്നതെന്നാണ് ജോസഫ് അച്ചന്റെ അഭിമതം നാട്ടിൽ ഇവർ വന്നപ്പോൾ തന്നതിനേക്കാൾ വലിയതോ ഘനമേറിയതോ ആയ ഒരു കവർ കിട്ടുമെന്ന പ്രതീക്ഷയായിരിക്കാമെന്നാണ് പണത്തിനോട് സ്വല്പം താല്പര്യമുള്ള ജോസഫ് അച്ചന്റെ ചിന്ത.

ആ വലിയ ബംഗ്ലാവും അതിലെ ഏറ്റവും വിലപിടിപ്പുള്ള ഫർണിച്ചറും കാണേണ്ടതു തന്നെയാണ്. ലോകം മുഴുവനും ചുറ്റിനടന്നിട്ടുള്ള അദ്ദേഹം പോലും ആദ്യമായാണ് ഇതെല്ലാം കാണുന്നത്.

ബാവായെ കണ്ടപ്പോൾ അവിടെ ഉണ്ടായിരുന്ന കൊച്ചുമക്കൾ ആദ്യമായാണ് ഇങ്ങിനെയുള്ള രൂപത്തിലുള്ള ഒരാളെ കാണുന്നത്:

''ഹായ് ബിഷപ്പ്'' ഒരാൾ

''ഹായ്'' അദ്ദേഹം പ്രതിവചിച്ചു.

''ആർ യൂ എ ബിഷപ്പ്'' അടുത്തയാൾ

''യെസ്''

''ആർ യു ബസ്റ്റ് ഫ്രണ്ട് ഓഫ് അവ്വർ ഗ്രാന്റപ്പാ''

''യെസ്''

''യു ലുക്ക്സ് ഫണി വിത്ത് ദിസ് ഡ്രസ്''

അദ്ദേഹം ചിരിച്ചു കൊണ്ടു നിന്നു''

''ക്യാൻ യൂ ഗീവ് മീ ദിസ് ഡ്രസ് ഫോർ ഹലോയിൻ''

അദ്ദേഹം ചിരിച്ചുകൊണ്ടു നിന്നു

അപ്പോൾ അകത്തുണ്ടായിരുന്ന പെന്തിക്കോസ്തു കുടുംബത്തിലുണ്ടായിരുന്ന ഒരു പെൺകൊച്ച്:

''ജാതികളാ അല്ലേ!''

അടുത്തുള്ള വീട്ടിലെ ഈ കൊച്ച് അവിടുത്തെ പിള്ളേരുടെ കൂട്ടുകാരിയായതുകൊണ്ട് അവിടെ വല്ലപ്പോഴും കളിക്കാൻ വരുന്നതാണ്.

ഈ സമയത്ത് അവിടെയുണ്ടായിരുന്ന കുറുപ്പിന്റെ ഒരു മകൻ ആറു മാസം പ്രായമുള്ള ഒരാൺകുഞ്ഞിനേയും കൊണ്ട് അവിടെ വന്നു. നല്ല സുന്ദരനായ ആ കുഞ്ഞിനെ കണ്ടാൽ ആരും അറിയാതെ കൈ നീട്ടിപോകും. ബാവായും അറിയാതെ കൈ നീട്ടിപ്പോയി. കുഞ്ഞ് രണ്ടു കൈയ്യും നീട്ടി അദ്ദേഹത്തിന്റെ കയ്യിലേക്ക് പോയി. അവിടിരുന്ന കുഞ്ഞ് ആദ്യം അദ്ദേഹത്തിന്റെ നരച്ച താടി മീശയിൽ പിടിച്ചു വലിക്കാൻ തുടങ്ങി. അദ്ദേഹം അവനെ മേല്പോട്ട് ഉയർത്തി. ഉടനെ അവൻ അദ്ദേഹത്തിന്റെ തലയിലുള്ള 'മ്സ്നംസാ' (തൊപ്പി) പിടിച്ച് ഇളക്കാൻ നോക്കി. അപ്പോൾ അവനെ താഴെയാക്കി പിടിച്ചതും അവൻ മൂത്രമൊഴിച്ചു. അദ്ദേഹത്തിന്റെ കുപ്പായം മുഴുവനും മൂത്രമായി.

''എടീ കുഞ്ഞിനെ ഡൈപ്പർ കെട്ടിച്ചില്ലായിരുന്നോ?''

''കുപ്പയമിങ്ങൂരി തന്നാൽ ഇപ്പം അത് കഴികി തരായിരുന്നു''

സീത പറഞ്ഞത് അദ്ദേഹം കേട്ടില്ലന്നു നടിച്ചു.

ചിലവു ചുരുക്കലിന്റെ ഭാഗമായി പലപ്പോഴും അങ്ങിനെയാണെന്നുള്ള വിവരം അയാൾക്കറിയാമായിരുന്നു.

താഴെ കാപ്പെറ്റേൽ ആയല്ലോ'' അദ്ദേഹത്തിന്റെ കൂടെ വന്നവർ അറിയാതെ പറഞ്ഞു പോയി.

''അതു സാരമില്ല. ആഴ്ചതോറും ക്ലീനിംഗ്കാക്ക് നൂറ്റിഅന്പതു ഡോളർ കൊടുത്താക്കിയിട്ടുണ്ട്. അവർ ക്ലീൻ ചെയ്യോളും'' കുറുപ്പ് അറിഞ്ഞോ അറിയാതെയോ പൊങ്ങച്ചം പറഞ്ഞു.

''മേശ'' അദ്ദേഹം അവിടെ ചെന്നപ്പോൾ മുതൽ പലപ്രാവശ്യമായി സീത ഇതു തന്നെ ആവത്തിച്ചുകൊണ്ടിരുന്നു; അദ്ദേഹം ദേവലോകത്ത് ചെയ്തതുപോലെ. അവസാനം ഭക്ഷണം കഴിക്കാനിരുന്ന അദ്ദേഹം അന്തിച്ചു പോയി. കഞ്ഞിയും പയറും പപ്പടവും.

അദ്ദേഹം അവസാനം യാത്ര പല പ്രാവശ്യം പറഞ്ഞ് പുറപ്പെട്ടിട്ടും ഒരു കവറും കിട്ടിയില്ല.

ജോസഫച്ചൻ പറഞ്ഞു നിർത്തിയത്: കുറുപ്പ് പറ്റിച്ചതല്ല. അവരുടെ തെറ്റിദ്ധാരണ മെത്രാച്ചൻമാർ കഞ്ഞിയും പയറുമാണ് ഭക്ഷണമായി കഴിക്കുന്നത്. അവിടെ കാണാൻ ചെല്ലുമ്പോൾ കവർ കൊടുത്തതല്ലാതെ അവരെ കാണാൻ ചെല്ലുമ്പോൾ കവർ കൊടുക്കണമെന്ന കാര്യം അവക്കറിയത്തില്ലായിരുന്നു.

(അ.വ. മക്കാറിയോസ് മെത്രാച്ചനോട് വാക്കുകൾക്ക് കടപ്പാട്)